CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Marks: 50

Class 1

(Oral Examination - വാചാപരീക്ഷ)

I. പേരു പറയുക (1x6=6)

1. ഏലീയാവിന്റെ ശിഷ്യന്റെ പേരെന്ത്?
2. ആഹാബ് രാജാവിന്റെ ഭാര്യയുടെ പേരെന്ത്?
3. ദാവീദിന്റെ പാട്ടുകളുടെ മറ്റൊരു പേരെന്ത്?
4. ഹന്നായുടെ ഭർത്താവിന്റെ പേരെന്ത്?
5. ഹാനോക്കിന്റെ മകന്റെ പേരെന്ത്?
6. അബ്രഹാമിന്റെ പിതാവിന്റെ പേരെന്ത്?

II. ഉത്തരം പറയുക (2x5=10)

7. ദൈവം ആദാമിനെ സൃഷ്ടിച്ചത് എങ്ങനെ?
8. പെട്ടകത്തിനു പുറത്തു വന്ന നോഹ എന്ത് ചെയ്തു?
9. മരുഭൂമിയിൽ ദാഹിച്ചപ്പോൾ യിശ്മായേലിന്റെ അമ്മ എന്ത് ചെയ്തു?
10. അബ്രഹാമിനെ ദൈവം പരീക്ഷിച്ചത് എങ്ങനെ?
11. യാക്കോബ് കണ്ട സ്വപ്നം എന്ത്?

III. ആര് ആരോടു പറഞ്ഞു (3x3=9)

12. 'മൊട്ടത്തലയാ കയറി വാ, മൊട്ടത്തലയാ കയറി വാ...'
13. 'ഇതാ സ്വപ്നക്കാരൻ വരുന്നു'
14. 'അപ്പാ തീയും വിറകും ഉണ്ട്. യാഗം കഴിക്കുവാനുള്ള ആട്ടിൻകുട്ടി എവിടെ?'

IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5=10)

15. എന്നാൽ നോഹയ്ക്ക് ..... ലഭിച്ചു.
16. മക്കളെ നിങ്ങളുടെ ..... കർത്താവിൽ .....
17. മനുഷ്യൻ ..... കാണുന്നത് നോക്കുന്നു; യഹോവയോ, ... നോക്കുന്നു.
18. ഇങ്ങനെ ദൈവം തന്റെ ..... മനുഷ്യനെ .....
19. .....ന്റെ ശമ്പളം ..... അത്രേ.

V. നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും 5 വാക്യങ്ങൾ പറയുക. (3x5=15)

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 2

(Oral Examination - വാചാപരീക്ഷ) Marks: 50

I. പേരു പറയുക (1x6=6)

1. ആദ്യ മാതാപിതാക്കൾ ആരെല്ലാം?
2. ദൈവം തിന്നരുത് എന്ന് കല്പിച്ച വൃക്ഷഫലം ഏത്?
3. ദൈവം അബ്രഹാമിന് വാഗ്ദത്തപ്രകാരം കൊടുത്ത ദേശം ഏത്?
4. പ്രവാചക ശിഷ്യന്റെ ഭാര്യ അവളുടെ സങ്കടം ആരോടാണ് അറിയിച്ചത്?
5. മോശയെ ദൈവം വിളിച്ചത് എവിടെ വച്ചാണ്?
6. നൊവോമിയുടെ സ്വന്ത സ്ഥലം ഏതായിരുന്നു?

II. ഉത്തരം പറയുക (2x5=10)

7. എന്തുകൊണ്ടാണ് യിസഹാക്ക് അനുഗ്രഹിക്കപ്പെട്ടത്?
8. യാക്കോബ് ലൂസിന് നൽകിയ പുതിയ പേരെന്ത്? അതിന്റെ അർത്ഥമെന്ത്?
9. ശൗലിന്റെ പാളയത്തിൽ നിന്ന് ദാവിദ് എടുത്തുകൊണ്ട് പോയത് എന്തെല്ലാമായിരുന്നു?
10. ശലോമോന് ജ്ഞാനം ലഭിച്ചത് എങ്ങനെ?
11. യിസ്രായേൽ മക്കൾ എന്ന് വിളിക്കുന്നത് ആരെയാണ്?

III. ആര് ആരോടു പറഞ്ഞു (3x3=9)

12. ''എന്റെ മക്കളേ യിസ്രായേൽജനം നിങ്ങളെപ്പറ്റി പറഞ്ഞുകേൾക്കുന്ന കാര്യങ്ങൾ നന്നല്ല''. ആര് ആരോട് പറഞ്ഞു?
13. "നീ ചെന്ന് ആദ്യം ഒരു ചെറിയ അട എനിക്ക് ഉണ്ടാക്കികൊണ്ട് വരിക". ആര് ആരോട് പറഞ്ഞു?
14. "അറിവിന്റെ വൃക്ഷഫലം തിന്നാൽ നിങ്ങൾ ദൈവത്തെപോലെ ആകും". ആര് ആരോട് പറഞ്ഞു?

IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5=10)

15. ..... അനുസരണം കെട്ടവരുടെ മേൽ വരുന്നു. എഫെ. 5:6
16 ..... എന്നെ മഹത്വപ്പെടുത്തുന്നു. സങ്കീ. 50:23
17. അബ്രഹാം ദൈവത്തെ വിശ്വസിച്ചു..... റോമ. 4:3
18. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും..... ശമു. 2:30
19. ..... ജോസഫിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി. ഉല്പത്തി 39:2

V. നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും 5 വാക്യങ്ങൾ പറയുക. (3x5=15)

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 3

Time: 1.5 hrs.
Marks : 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)

1. അടിക്കപ്പെട്ട പാറ ആരെ കാണിക്കുന്നു ?
   (മോശെ, ക്രിസ്തു, ആദാം, യോസേഫ്)
2. യിസ്രായേൽ മക്കൾ മിസ്രയിമിൽ എത്ര വർഷം താമസിച്ചു ?
   (430, 480, 460, 410)
3. യിസ്രായേലിന് ദൈവം മന്നാ നൽകിയത് എവിടെ വച്ച് ?
   (രെഫീദിം, മസ്സാ, സീൻമരുഭൂമി, സിനാർ)
4. ദൈവം സ്വസ്ഥമായിരുന്നത് എത്രാം ദിവസമാണ് ?
   (മൂന്നാം ദിവസം, അഞ്ചാം ദിവസം, എട്ടാം ദിവസം, ഏഴാം ദിവസം)
5. ഏലിയാവ് ഏത് ദേശക്കാരനായിരുന്നു?
   (മിസ്രയിം, തിശ്ബ്യ, കനാൻ, ബെർശേബാ)
6. ശൗലിന്റെ പിതാവാര് ?
   (അബ്രഹാം, ദാവീദ്, കീശ്, യാക്കോബ്)

II. പേരെഴുതുക (1x5=5)

7. യിസ്രായേലിന്റെ ഒന്നാമത്തെ രാജാവാര് ?
8. ഏലിയാവിന്റെ ശിഷ്യനാര് ?
9. മോശെയുടെ സഹോദരിയുടെ പേരെന്ത് ?
10. അബ്രഹാമിൻന്റെ വാഗ്ദത്തസന്തതി ആര് ?
11. യാക്കോബിന്റെ പിതാവാര് ?

III. അർത്ഥം എഴുതുക (1x3=3)

12. യിശ്മായേൽ
13. ബാബേൽ
14. മന്ന

IV. ചേരുംപടി ചേർക്കുക (1x4=4)

15. സീൻ മരുഭൂമി - പരീക്ഷ
16. മസ്സാ - പാറയെ അടിച്ചു വെള്ളം കിട്ടി
17. മെരിബാ - മന്നാ കിട്ടിത്തുടങ്ങിയ സ്ഥലം
18. രെഫീദിം - കലഹം

V. ആര് ആരോട് പറഞ്ഞു. (2x3=6)

19. "യഹോവയാൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ?" ആര് ആരോട് ചോദിച്ചു?
20. "ഞാൻ അവനെ വലിയോരു ജാതിയാക്കും" ആര് ആരോട് പറഞ്ഞു ?
21. "നീ വടികളുമായി എന്റെ നേരെ വരുവാൻ ഞാൻ നായോ" ആര് ആരോട് ചോദിച്ചു?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

22. മന്നായുടെ പ്രത്യേകതകൾ എന്തെല്ലാം ?
23. ന്യായാധിപൻമാർ ആരായിരുന്നു ?
24. മുൾപ്പടർപ്പിൽ കത്തിയ തീയുടെ പ്രത്യേകത എന്ത് ?

VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. യെരിഹോ പട്ടണം പിടിക്കുവാൻ ചെയ്ത ക്രമം വിവരിക്കുക.?
    അല്ലെങ്കിൽ
26. ഓരോ ദിവസത്തെയും സൃഷ്ടികൾ ഏതെല്ലാമെന്ന് വിവരിക്കുക.?

VIII. മനഃപാഠവാക്യം എഴുതുക (3x4=12)

27. 1 പത്രൊസ് 5:7
28. സങ്കീർത്തനങ്ങൾ 75:7
29. മത്തായി 7:7
30. സങ്കീർത്തനങ്ങൾ 19:1

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 4

Time: 1.5 hrs.
Marks : 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)

1) പുരോഹിത ഗോത്രം എന്നറിയപ്പെടുന്ന ഗോത്രം ഏത്?
യഹൂദ, മനശ്ശെ, ലേവി

2) സഹോദരന്മാർ ജോസഫിനെ എത്ര വെള്ളിക്കാശിനാണ് വിറ്റത്?
30, 20, 40

3) ബൈബിളിൽ എത്ര അധ്യായങ്ങൾ ഉണ്ട്?
1189, 31214, 1190

4) ഹാനോക്ക് എത്ര വർഷം ദൈവത്തോട് കൂടെ നടന്നു?
365, 300, 308

5) യാക്കോബ് ഏറ്റവും കൂടുതൽ സ്നേഹിച്ച പുത്രൻ ആര്?
ബെന്യാമിൻ, ജോസഫ്, രൂബേൻ

6) ഒറ്റുകാർ എത്ര പേരായിരുന്നു?
10, 12, 14

II. പേരെഴുതുക (1x5=5)

7) യോശുവയുടെ പിതാവിന്റെ പേര്?

8) ഏലിയുടെ രണ്ടു മക്കൾ ആരെല്ലാം?

9) സൗരയൂഥം നിശ്ചലം ആക്കിയതാര്?

10) പുതിയ നിയമം എഴുതിയ ഭാഷ ഏത്?

11) അധ്യായങ്ങളായും വാക്യങ്ങളായും വേർതിരിച്ച ആദ്യത്തെ ബൈബിളിലെ പേരെന്ത്?

III. അർത്ഥം എഴുതുക (1x3=3)

12) ബിലെയാം

13) ഹോശേയ

14) ബാലാക്ക്

IV. ചേരുംപടി ചേർക്കുക (1x4=4)

15) കൽമഴ - മൂന്നാമത്തെ ബാധ

16) കൂരിരുട്ട് - അഞ്ചാമത്തെ ബാധ

17) പേൻ - ഏഴാമത്തെ ബാധ

18) മൃഗവ്യാധി - ഒൻപതാമത്തെ ബാധ

V. ആര് ആരോടു പറഞ്ഞു (2x3=6)

19) "ഞങ്ങളുടെ മുൻപിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കി തരിക എന്ന് പറഞ്ഞു". ആര് ആരോട് പറഞ്ഞു?

20) നിനക്കിഷ്ടമുള്ള സ്ഥലം തിരഞ്ഞെടുക്കുക. നീ പോകുന്നതിന് എതിർ ഭാഗത്തേക്ക് ഞാൻ പോയി കൊള്ളാം. ആരോട് പറഞ്ഞു?

21) യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ. ആര് ആരോട് പറഞ്ഞു?

VI. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2x3=6)

22) ദൈവം കയ്യീന് നൽകിയ ശിക്ഷകൾ എന്തെല്ലാം?

23) അബ്രഹാമിന്റെ സ്നേഹത്തെ ദൈവം എങ്ങനെയാണ് പരിശോധിച്ചത്?

24) ലോത്തിന്റെ ഭാര്യ എന്തുകൊണ്ടാണ് തിരിഞ്ഞുനോക്കിയത്?

VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25) ബിലയാമിന്റെ ദുരന്ത അന്ത്യം
അല്ലെങ്കിൽ

26) പെസഹ

VIII. മനഃപാഠവാക്യം എഴുതുക (3x4=12)

27) എബ്രായർ 11:19

28) യോഹന്നാൻ 3:14-15

29) എബ്രായർ 3:8

30) 1 ശമുവേൽ 3:20

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 5

Time: 1.5 hrs.
Marks :50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)

1. യിപ്താഹ് യിസ്രായേലിലെ എത്രാമത്തെ ന്യായാധിപനായിരുന്നു ?
(7, 9, 5)
2. സങ്കേതനഗരങ്ങൾ എത്രയാണ് ?
(3, 5, 6)
3. ശലോമോന്റെ അമ്മയുടെ പേരെന്ത്?
(ബേത്ശേബ, നയമാ, കെതൂറാ)
4. പെസഹ ആചരിച്ച മാസവും തീയതിയും ഏത്?
(ആബീബ് 10, അബീബ് 12, ആബീബ് 14)
5. ശലോമോനും ദാവീദും എത്ര വർഷം വീതം രാജാവായി വാണു ?
(40 വർഷം, 50 വർഷം, 60 വർഷം)
6. മേദ്യ പാരസ്യ സാമ്രാജ്യത്തിലെ പ്രശസ്തനായ ഒരു രാജാവാര്?
(ആഹാബ്, അഹശ്വേരോശ്, അഹസ്യാവ്)

II. പേരെഴുതുക (1x5=5)

7. യിസ്രായേലിലെ ആദ്യത്തെ മഹാപുരോഹിതൻ ആര്?
8. പത്തു ഗോത്രങ്ങളോടു യുദ്ധത്തിനു പോകാതെ രെഹബെയാമിനെ വിലക്കിയത് ആര്?
9. യിസ്രായേലിലെ പുരോഹിതഗോത്രം ഏത്?
10. ശിബ്ബോ ലെത്ത് എന്നുച്ചരിക്കുവാൻ കഴിയാത്ത ഗോത്രം ഏത്?
11. ജീവിച്ചിരുന്ന കാലത്ത് കൊന്നവരെക്കാൾ കൂടുതൽ ആളുകളെ മരിച്ച സമയത്തു കൊന്ന വ്യക്തി ആര്?

III. അർത്ഥം എഴുതുക (1x3=3)

12. ഏലിയാവ്
13. യിപ്താഹ്
14. എസ്ഥേർ

IV. ചേരുംപടി ചേർക്കുക (1x4=4)

15. ദെബോര – ഇടങ്കയ്യനായ ന്യായാധിപൻ
16. ഒത്നിയേൽ – ഹേബെർ
17. ഏഹൂദ് – ലെപ്പീദോത്ത്
18. യായേൽ – ഒന്നാമത്തെ ന്യായാധിപൻ

V. ആര് ആരോടു പറഞ്ഞു (2x3=6)

19. ആര് ആരോടു പറഞ്ഞു, 'ദുഷ്ടനു സഹായം ചെയ്യുന്നതു വിഹിതമോ?'
20. ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല.
21. മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽ വെച്ച് ഞാൻ ചെറിയവനുമല്ലോ.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

22. പൂരീം എന്നാൽ എന്ത്?
23. മിസ്രയീമ്യർ കഠിന വേലകളാൽ യിസ്രായേല്യരെ പീഡിപ്പിച്ചു കാരണമെന്ത്?
24. നാസീർവ്രതസ്ഥൻ വ്രതം തീരുമ്പോൾ എന്തു ചെയ്യണം ?

VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)

25. ശലോമോന്റെ ജീവിതത്തിലെ പരാജയ കാരണം വിവരിക്കുക ?

അല്ലെങ്കിൽ

26. സങ്കേതനഗരം എങ്ങനെ ക്രിസ്തുവിനു നിഴലായി നിൽക്കുന്നു? ചുരുക്കമായി വിവരിക്കുക.

VIII. മനഃപാഠ വാക്യം എഴുതുക (3x4=12)

27. പുറപ്പാട് 14:13
28. ന്യായ. 5:13
29. സദൃശ. 7:2
30. സഭാ. 12:13

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 6

Time: 1.5 hrs.
Marks : 50

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക **1X6=6**

1. തിമോഥെയോസിന്റെ ജന്മസ്ഥലം ഏത്?
   (ദെർബ്ബ, കനാന്യ, ലുസ്ത്ര)
2. എത്യോപ്യയിലെ ഷണ്ഡനോട് സുവിശേഷം പറഞ്ഞ വ്യക്തി?
   (പൗലോസ്, ബെർന്നബാസ്, ഫിലിപ്പോസ്)
3. 'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്ന് യേശുവിനെ കുറിച്ച് സാക്ഷ്യം പറഞ്ഞ വ്യക്തി?
   (യോഹന്നാൻ സ്നാപകൻ, പത്രോസ്, തോമസ്)
4. വിശ്വാസത്തിൽ നിലനിന്നു ഓട്ടം തികക്കുന്നവർക്കു ലഭിക്കുന്ന കിരീടം?
   (പ്രശംസ കിരീടം, നീതിയുടെ കിരീടം, തേജസ്സിന്റെ കിരീടം)
5. 'കേഫാ' എന്ന് അറിയപ്പെടുന്ന യേശുവിന്റെ ശിഷ്യൻ?
   (പത്രോസ്, യാക്കോബ്, യൂദാ)
6. യേശു ആദ്യം സഭയെപ്പറ്റി പറഞ്ഞത് എവിടെ വെച്ച്?
   (യെരുശലേം, ഫിലിപ്പിന്റെ കൈസര്യ, കൊരിന്ത്യ)

II. പേരെഴുതുക **1X5=5**

7. പെട്ടകം ഇല്ലാതിരുന്ന ആദ്യ ആലയം ഏതായിരുന്നു?
8. യേശുവിനെ റബ്ബി എന്ന് വിളിച്ചിരുന്നത് ആര്?
9. മധ്യസ്ഥൻ എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം?
10. ആരുടെ കൈവശമാണ് പൗലോസ് ഫിലേമോന്റെ ലേഖനം കൊടുത്തയച്ചത് ?
11. സകല ദുഷ്ടന്മാരെയും ന്യായം വിധിക്കുന്ന സിംഹാസനം ഏത് ?

III. അർഥം എഴുതുക **1X3=3**

12. ആലയം
13. ഒനേസിമൊസ്
14. ഡയഡെമ

IV. ചേരുംപടി ചേർക്കുക **1X4=4**

15.	ബോവനേർഗസ്	-	ഫിലിപ്പോസ്
16.	നഥനയേൽ	-	പൗലോസ്
17.	ഫിലെമോൻ	-	തദ്ദായി
18.	യൂദാ	-	യോഹന്നാൻ

V. ആര് ആരോട് പറഞ്ഞു **2X3=6**

19. 'വന്നു കാണ്മിൻ' ആര് ആരോട് പറഞ്ഞു ?
20. 'ഇതാ, ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിക്കുന്നു. ഞങ്ങൾക്ക് എന്ത് കിട്ടും' ?
21. 'ഇന്ന് നീ എന്നോട് കൂടെ പറുദീസയിൽ ഇരിക്കും' ആര് ആരോട് പറഞ്ഞു?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക **2X3=6**

22. പ്രാർത്ഥനക്ക് പഴയ പുതിയ നിയമങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ ഏതെല്ലാം ?
23. വിശ്വാസിയുടെ ന്യായ വിധിയുടെ ഉദ്ദേശം എന്ത് ?
24. ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽ ആടിന് ലഭിക്കുന്ന അനുഗ്രഹങ്ങൾ ഏതെല്ലാം ?

VII. ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക. (ഏതെങ്കിലും ഒന്ന്) 8X1=8

25. ഭൂമിയിൽ ദൈവ രാജ്യം സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റത്തെപ്പറ്റി വിവരിക്കുക.

അല്ലെങ്കിൽ

26. ആരാധനക്കുള്ള തടസ്സങ്ങൾ ഏതെല്ലാം ? വിവരിക്കുക.

VIII. മനഃപാഠ വാക്യങ്ങൾ എഴുതുക **3X4=12**

27. വെളിപ്പാട് 22: 11,12
28. യോഹന്നാൻ 8:31,32
29. 1 യോഹന്നാൻ 4:11
30. എബ്രായർ 12:1

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 7

Time: 1.5 hrs.
Marks :50

I. ശരിയായ ഉത്തരം എടുത്തെഴുതുക (1x5 =5)

1. യായിറോസിന്റെ മകളെ യേശു ഉയർപ്പിച്ചത് ശുശ്രൂഷയുടെ ..... ഘട്ടത്തിലാണ്.

   (1-ാം ഘട്ടം, 2-ാം ഘട്ടം, 3-ാം ഘട്ടം)

2. യഹൂദന്മാരുടെ മത കോടതി ..... എന്നറിയപ്പെടുന്നു.

   (സൻഹെദ്രീം സംഘം, പ്രെറ്റോറിയം, സിനഗോഗ്)

3. കാൽവറി എന്നത് ..... ഭാഷയിലെ പദമാണ്.

   (അരാമ്യ, ലാറ്റിൻ, യവനായ)

4. ഒരു പുറജാതീയനായ വേദപുസ്തക എഴുത്തുകാരനാണ്.

   (മത്തായി, മർക്കൊസ്, ലൂക്കൊസ്)

5. യേശുവിന്റെ ക്രൂശീകരണവും മരണവും അന്ത്യം വരെ കണ്ട ഏകശിഷ്യൻ ..... ആണ്.

   (പത്രൊസ്, യോഹന്നാൻ, യാക്കോബ്)

II. പേരെഴുതുക (1x5=5)

6. യേശുവിന്റെ ജനനസമയത്ത് റോമാ ചക്രവർത്തിയുടെ കീഴിൽ പലസ്തീൻ ഭരിച്ച രാജാവാര്?
7. പീലാത്തോസിന്റെ കൊട്ടാരത്തിലെ ന്യായവിസ്താരസ്ഥലം അറിയപ്പെടുന്നതെങ്ങനെ?
8. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത് എവിടെ നിന്നാണ്?
9. മത്തായിയുടെ മറുപേര് എന്ത്?
10. റോമാക്കാരെ ഉദ്ദേശിച്ചുകൊണ്ട് എഴുതിയ സുവിശേഷം ഏതാണ്?

III. പൂരിപ്പിക്കുക (1x4=4)

11. ..... എന്നത് പരിശുദ്ധാത്മനിറവിന്റെ പ്രത്യക്ഷമായ അടയാളമാണ്.
12. നാലു സുവിശേഷഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടത് ..... സുവിശേഷം ആണ്.
13. സുവിശേഷം എന്ന വാക്കിന്റെ അർത്ഥം ..... എന്നാകുന്നു.
14. യേശുക്രിസ്തു ..... എന്ന അടിസ്ഥാനത്തിലാണ് ചരിത്രത്തെ എ.ഡി. എന്നും ബി.സി. എന്നും തിരിച്ചിരിക്കുന്നത്.

IV. അർത്ഥം എഴുതുക (1x3=3)

15. ഗബ്ബഥാ
16. ഗോൽ ഗോഥാ
17. ഹോശന്നാ

V. കാരണം എഴുതുക (2x2=4)

18. യേശു യെരുശലേമിനെ കണ്ട് കരഞ്ഞു.
19. യേശുവിന് അത്ഭുതങ്ങൾ ആവശ്യമായിരുന്നു.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3 =6)

20. യഹൂദൻമാർ യേശുവിൽ ചുമത്തിയ കുറ്റങ്ങൾ എന്തെല്ലാം?
21. യേശുക്രിസ്തു എന്തുകൊണ്ട് കഴുതക്കുട്ടിയുടെ പുറത്ത് കയറി?
22. എന്താണ് സ്നാനം?

VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)

23. യോഹന്നാന്റെ സുവിശേഷം മറ്റ് സുവിശേഷങ്ങളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?
24. യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

VIII. ഒരു പേജിൽ ഉത്തരമെഴുതുക. (ഏതെങ്കിലും ഒന്ന്) (8x1=8)

25. യേശുവിന്റെ ക്രൂശീകരണം വിവരിക്കുക

    അല്ലെങ്കിൽ

26. യേശുക്രിസ്തുവിന്റെ മൂന്ന് പ്രധാന പ്രഭാഷണങ്ങൾ വിവരിക്കുക.

IX. മനഃപാഠ വാക്യം എഴുതുക (3x3=9)

27. മത്തായി 7:12
28. ഗലാത്യർ 3:27
29. റോമർ 8:9

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 8

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക. (1x5=5)

1. ലോകരാഷ്ട്രങ്ങളുടെ കലണ്ടർ എന്ന് വിളിക്കപ്പെടുന്ന പുസ്തകം.

   (വെളിപ്പാട്, യെഹെസ്കേൽ, ഡാനിയേൽ)

2. ജനീവ ബൈബിൾ പ്രസിദ്ധീകരിച്ച വർഷം.

   (1560, 1536, 1524)

3. ചൈനീസ് ഭാഷയിൽ ബൈബിൾ ആദ്യം വിവർത്തനം ചെയ്ത വ്യക്തി.

   (ബ്രദർ ഷെറി, റോബർട്ട് മോറിസൺ, ജഡ്സൺ)

4. 5 മുഴം നീളവും, 5 മുഴം വീതിയും, 3 മുഴം പൊക്കവുമുള്ള ഖദിര മരം കൊണ്ടുണ്ടാക്കിയ പൊള്ളയായ ഉപകരണം ഏതു? (നിയമ പെട്ടകം, ധൂപപീഠം, യാഗപീഠം)

5. കൃപയാൽ ദൈവം സൗജന്യമായി നൽകുന്ന ദാനം എന്ത്?

   (വീണ്ടെടുപ്പ്, രക്ഷ, മാനസാന്തരം)

II. പേരെഴുതുക. (1x5=5)

6. ബൈബിളിന്റെ കേന്ദ്രവിഷയം ആരാണ്?
7. വിശുദ്ധസ്ഥലം ഏതു യുഗത്തെ കാണിക്കുന്നു?
8. വർഗങ്ങളുടെ ഉല്പത്തി എന്ന പുസ്തകം എഴുതിയത് ആര്?
9. വില്യം കേറി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനം?
10. നവീകരണത്തിന്റെ ഉദയ നക്ഷത്രം?

III. പൂരിപ്പിക്കുക. (1x4=4)

11. മനുഷ്യനിൽ അടങ്ങിയിരിക്കുന്ന ദേഹം, ദേഹി, ആത്മാവ്, എന്നീ 3 ഘടകങ്ങളുടെ ഉദ്ധാരണമാണ് ..... എന്ന് പറയുന്നത്.
12. തിരുമേനി, തിരുവായ് എന്ന പോലെ ദൈവം എഴുതിയ വചനം ആകയാൽ നാം ബൈബിളിനെ ..... എന്ന് വിളിക്കുന്നു.
13. ..... ഗൃഹവും രാജത്വവും ദൈവമുൻപാകെ എന്നേക്കും സ്ഥിരമായിരിക്കും എന്ന് ദൈവം തന്നോട് ഉടമ്പടി ചെയ്തു.
14. മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ..... എന്ന ഏകവാതിൽ അല്ലാതെ വേറെ ഒന്നും ഇല്ല.

IV. അർത്ഥം എഴുതുക. (1x3=3)

15. അപ്പോക്രിഫാ.
16. നിയമങ്ങൾ
17. ലംഘനം

V. കാരണം എഴുതുക. (2x2=4)

18. ദൈവം നമുക്ക് കഷ്ടത തന്ന് പൂർണ്ണതയിലേക്ക് ഒരുക്കുന്നു.
19. ഭൂതകാല രക്ഷ കരസ്ഥമാക്കിയ അനേകർ പട്ടുപോയി.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. (2x3=6)

20. പരിണാമ വാദം പൊള്ളത്തരം ആണ് എന്നതിന്റെ തെളിവ് എന്ത്?
21. ഒരു പുസ്തകം കാനോനികം ആകേണ്ടത്തിനുള്ള യോഗ്യതകൾ ഏവ?
22. രണ്ടാം മരണം എന്നാലെന്ത്?

VII. ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക. (3x2=6)

23. ബ്രദർ ഷെറിയും ഏക വിരൽ ബൈബിളും.
24. വീണ്ടും ജനനത്തിന്റെ സവിശേഷതകൾ.

VIII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക. (ഏതെങ്കിലും ഒന്ന്) (8x1=8)

25. സമാഗമന കൂടാരത്തിന്റെയും പ്രാകാരത്തിന്റെയും പ്ലാൻ വരച്ച് വിവിധ ഭാഗങ്ങളും അവയിലെ ഉപകരണങ്ങളുടെ സ്ഥാനവും അടയാളപ്പെടുത്തുക.

അല്ലെങ്കിൽ

26. ബൈബിളിന്റെ വിവിധ പേരുകൾ ഏവ? അവ എന്തുകൊണ്ട് അപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നു?

IX. മന:പാഠ വാക്യം എഴുതുക. (3x3=9)

27. എബ്രായർ 4:12
28. വെളിപ്പാട് 21:3
29. അപ്പോ: പ്രവർത്തി 4:12

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

Class 9 Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (1x5=5)

1. പുരോഹിതനായി പ്രതിഷ്ഠിക്കപ്പെട്ടവൻ എത്ര ദിവസം കൂടാരത്തിൽ വസിക്കണം?
   (7, 3, 5)
2. ആദ്യത്തെ മഹാപുരോഹിതൻ ആര്?
   (മോശ, യേശുക്രിസ്തു, അഹരോൻ)
3. പുളിച്ചമാവ് അനുവദിച്ചിട്ടുള്ള യാഗം ഏത്?
   (ഭോജനയാഗം, സമാധാനയാഗം, ദഹനയാഗം)
4. യാഗത്തിന്റെ പ്രമാണം ലഭിച്ച ശേഷമുള്ള ആദ്യയാഗം നടത്തിയത് ആര്?
   (യോന, നോഹ, അഹരോൻ)
5. രക്തചൊരിച്ചിൽ ഇല്ലാതെ അർപ്പിക്കുന്ന യാഗം ഏത്?
   (ഭോജനയാഗം, സമാധാനയാഗം, ദഹനയാഗം)

II. പേരെഴുതുക (1x5=5)

6. പെന്തക്കോസ്ത് എന്ന വാക്കിന്റെ അർത്ഥം എന്താണ്?
7. പെസഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. നിലയങ്കിയുടെ പുറമെ ശരീരത്തിന്റെ മുൻവശത്ത് പുരോഹിതൻ അണിയുന്ന വസ്ത്രം ഏത്?
9. ആദ്യത്തെ യാഗം നടന്നത് എവിടെ?
10. എവിടെ വെച്ചാണ് യാഗത്തിന്റെ പ്രമാണം യിസ്രയേലിന് ലഭിച്ചത്?'

III. പൂരിപ്പിക്കുക (1x4=4)

11. സമാന്യ ജനത്തിൽ ഒരുവൻ യാഗം അർപ്പിക്കേണ്ടിയത് ..... ആയിരുന്നു.
12. യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിന്റെ നിഴലാണ് .....
13. ഭോജനയാഗത്തിൽ ..... ഉം ..... ഉം നിരോധിച്ചിരുന്നു.
14. നിയമത്തിന്റെ ഉറപ്പാണ് .....

IV. അർത്ഥം എഴുതുക (1x3=3)

15. പൂരീം
16. ഉറീം
17. പ്രമാണി

V. കാരണം എഴുതുക (2X2=4)

18. സമാധാനയാഗത്തിൽ പുളിച്ചമാവ് അനുവദിക്കുവാൻ കാരണം?
19. മിസ്രയിമിൽ അതിഥികളായി ചെന്ന ജനം അടിമകൾ ആകുവാൻ കാരണം എന്ത്?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. (2x3=6)

20. പാപയാഗം ഏതിന് നിഴലായി നിലകൊള്ളുന്നു.?
21. എബ്രായ മാസങ്ങൾ ക്രമത്തിൽ എഴുതുക.
22. പുളിമാവ് എന്തിനെയെല്ലാം കാണിക്കുന്നു?

VII. ഒരു ഖണ്ഡികയിൽ എഴുതുക (3x2=6)

23. ദൈവം യിസ്രയേലിന് കല്പിച്ച് കൊടുത്ത ഉത്സവങ്ങളും അവയുടെ തീയതികളും ക്രമത്തിൽ എഴുതുക.
24. പെസഹായുടെ ആചരണം എങ്ങനെ ആയിരുന്നു.

VIII. ഒരു പേജിൽ ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം) (8x1=8)

25. ഹോമയാഗം അർപ്പിക്കുന്ന വിധം വിവരിക്കുക. ഇത് എങ്ങനെ യേശുക്രിസ്തുവിന്റെ പരമയാഗത്തിനു നിഴലായിരിക്കുന്നു.

അല്ലെങ്കിൽ

26. പുരോഹിത പ്രതിഷ്ഠയിലെ 8 കർമ്മങ്ങൾ വിവരിക്കുക.

IX. വാക്യം എഴുതുക. (3x3=9)

27. എബ്രായർ 10:10
28. 1 പത്രോസ് 2.24
29. 1 കോരിന്ത്യർ 5:7

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

CLASS 10

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x5=5)

1. ഉയർപ്പിന്റെ എത്രാം ദിവസമാണ് യേശുക്രിസ്തു ഒലിവ് മലയിൽ നിന്ന് ആരോഹണം ചെയ്തത് ?

   (30, 50, 40)

2. എബ്രായ ഭാഷയിൽ സംയുക്ത ഐക്യത്തെ കാണിക്കുന്ന പദം ഏത്?

   (യാഖീഡ്, ഇഖാഡ്, ക്രാറ്റോസ്)

3. ദൈവിക നന്മയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുന്നത് എന്ത് ?

   (തിന്മ, കഷ്ടത, നിത്യത)

4. യിസ്രായേൽ ജനതയുടെ വിശ്വാസപ്രമാണത്തെ വിളിക്കുന്നതെന്ത് ?

   (കോസ്മോസ്, മിഷ്ണ, ഥെയോസ്)

5. ആരുടെ കാലം മുതലാണ് ഇസ്രായേൽ ദൈവത്തെ യഹോവ എന്ന പേരിൽ ആരാധിക്കാൻ തുടങ്ങിയത് ?

   (നോഹയുടെ, ഇയ്യോബിന്റെ, മോശയുടെ)

II. പേരെഴുതുക (1x5=5)

6. വചനം എന്ന വാക്കിന്റെ യവനായ പദം എന്ത് ?
7. യേശുക്രിസ്തുവിന്റെ സർവ്വാധികാരത്തെ എത്ര തരത്തിലാണ് നാം മനസ്സിലാക്കുന്നത്?
8. ദൈവീക പൂർണ്ണത വെളിപ്പെടുത്താനായി സഭാപണ്ഡിതന്മാർ കണ്ടെടുത്ത പദം ഏത്?
9. ഗലീലക്കാരനല്ലാത്ത യേശുവിന്റെ ശിഷ്യൻ ആര്?
10. പുതിയ നിയമ എഴുത്തുകാരിൽ പ്രധാനി ആര്?

III. പൂരിപ്പിക്കുക (1x4=4)

11. പ്രപഞ്ചത്തിന്റെ അൽഭുതാവഹമായ ക്രമീകരണത്തെ ..... എന്ന് പറയുന്നു.
12. ദൈവീക വെളിപാടിന്റെ ഔദ്യോഗിക രേഖയാണ് .....
13. ഇശ്ശായിയുടെ കുറ്റിയിൽനിന്ന് പൊട്ടിക്കിളിർക്കുന്ന മുളയാണ് .....
14. രാജാവായ യേശു ..... ഭൂമിയിൽ സ്ഥാപിച്ചു.

IV. അർത്ഥം എഴുതുക (1x3=3)

15. പാരാക്ലീറ്റോസ്
16. ഥെയോസ്
17. ഇറോസ്

V. കാരണം എഴുതുക (2x2=4)

18. നാം പിതാവിനോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു.
19. ആകൃതിയില്ലാത്ത ആത്മാവായ ദൈവം നിത്യനാണ്.

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)

20. ഇസ്രായേലിലെ മൂന്ന് ഔദ്യോഗിക സ്ഥാനങ്ങൾ ഏതെല്ലാം? ദൗത്യങ്ങൾ എന്തെല്ലാം?
21. യേശുക്രിസ്തുവിന്റെ ഏഴ് നിസ്തുല്യനാമങ്ങൾ ഏതെല്ലാം?
22. പുതിയ നിയമത്തിൽ ത്രിത്വം തെളിയിക്കപ്പെട്ടിരിക്കുന്നത് ഏതെല്ലാം രീതിയിലാണ്?

VII. ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക (3X2=6)

23. യേശുക്രിസ്തുവിന്റെ മരണം കൊണ്ടുള്ള പ്രയോജനം.
24. പ്രാപഞ്ചിക വാദം

VIII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (8x1=8)

25. ത്രിത്വത്തിന്റെ പ്രകൃതിയിലെ പ്രതിഭാസങ്ങൾ, പഴയനിയമ പുതിയനിയമ ഉപദേശങ്ങൾ എന്നിവയെപ്പറ്റി ഉപന്യസിക്കുക.

   അല്ലെങ്കിൽ

26. ദൈവാസ്ഥിത്വത്തിന്റെ ആന്തരിക തെളിവുകൾ വിവരിക്കുക.

IX. വാക്യം എഴുതുക (3x3=9)

27. എബ്രായർ 9:27
28. യോഹന്നാൻ 20:30,31
29. 1 പത്രോസ് 1:14,15

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

CLASS 11

Time: 1.5 hrs
Marks: 50

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തു എഴുതുക (1×5=5)

1. അന്തർമുഖർ എന്നു വിളിക്കപ്പെടുന്ന വ്യക്തിത്വ ശൈലി ഏത്?
(അനലറ്റിക്കൽ, എക്സ്ട്രോവേർട്ട്, ഇൻട്രോവേർട്ട്)
2. ഇവർ ദൈവസിംഹാസനത്തിന്റെ വാഹകന്മാരാകുന്നു. ആർ?
(ദൂതന്മാർ, നാലു ജീവികൾ, കെരൂബുകൾ)
3. ബാബിലോൺ സാമ്രാജ്യത്തിലെ അവസാനത്തെ രാജാവാര്?
(ബേൽശസ്സർ, ദാര്യാവേശ്, നെബുഖദ്നേസ്സർ)
4. ഭൂമിയുടെ കേന്ദ്രസ്ഥാനവും തലസ്ഥാനനഗരിയും ഏതു?
(ശമര്യ, യെഹൂദ്യ, യിസ്രായേൽ)
5. താമ്രം കൊണ്ടുള്ള വയറും അരയും ഏതു സാമ്രാജ്യത്തെ കാണിക്കുന്നു?
(യവന, ബാബിലോൺ, റോമൻ)

II. പേര് എഴുതുക (1×5=5)

6. സന്ധ്യായാഗത്തിന്റെ സമയത്ത് പ്രാർത്ഥിച്ച വ്യക്തിയാര്?
7. 69നും 70നും ഇടയിലുള്ള കാലഘട്ടത്തെ എന്ത് എന്ന് അറിയപ്പെടുന്നു?
8. തന്റെ 33-ാം വയസ്സിൽ മേദ്യപാർസ്യ സാമ്രാജ്യം ഉൾപ്പെടെയുള്ള ലോകരാജ്യങ്ങളെ കീഴടക്കിയ ചക്രവർത്തിയാര്?
9. രാജ്യങ്ങളുടെ തമ്പുരാട്ടി എന്നു ആരും വിളിക്കയില്ല. ആരെ?
10. രക്ത സാക്ഷികൾക്കുള്ള കിരീടം ഏതു?

III. പൂരിപ്പിക്കുക (1×4=4)

11. ദാനിയേൽ 8-ൽ കാണുന്ന 2300 ദിവസങ്ങൾ ..... നെ കുറിക്കുന്നു.
12. ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും ..... ഉം ആകുന്നു.
13. പാർസിരാജാവായ ..... യിസ്രയേലിനോട് കരുണ കാണിച്ചതുകൊണ്ട് ഈ സാമ്രാജ്യത്തിന് 200ൽ പരം വർഷം ഭരിക്കുവാൻ സാവകാശം ഉണ്ടായി.
14. ശുശ്രൂഷകന്മാർക്ക് ലഭിക്കുന്ന കിരീടം ..... ആകുന്നു.

IV. അർത്ഥം എഴുതുക (1×3=3)

15. അപ്പോകാലിപ്സിസ്
16. മെനേ
17. സാത്താൻ

V. കാരണം എഴുതുക (2×2=4)

18. യഹൂദ പ്രവാസത്തിൽ അകപ്പെടാൻ കാരണമെന്ത്?
19. ദൈവം എന്തുകൊണ്ടാണ് നെബുഖദ്നെസ്സറിനോട് രണ്ടാമതും സ്വപ്നത്തിൽ ഇടപ്പെട്ടത്?

VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2×3=6)

20. ദൂതന്മാരുടെ ചുമതലകൾ ഏതെല്ലാം?
21. ക്രിസ്തുവും എതിർക്രിസ്തുവും തമ്മിലുള്ള ഏതെങ്കിലും 3 വ്യത്യാസങ്ങൾ എഴുതുക.
22. സാത്താന്റെ പ്രവർത്തനപദ്ധതികൾ ഏതെല്ലാം?

VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3×2=6)

23. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത
24. നെബുഖദ്നേസ്സർ രാജാവ് കണ്ട ഒന്നാമത്തെ സ്വപ്നം

VIII. ഒരു പേജിൽ ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം) (8×1=8)

25. വെളിപ്പാട് പുസ്തകത്തിന്റെ വിഭജനം വിവരിക്കുക
അല്ലെങ്കിൽ
26. ദാനിയേലിന്റെ സ്വഭാവശ്രേഷ്ഠതകൾ വിവരിക്കുക

IX. വാക്യം എഴുതുക (3×3=9)

27. ദാനി. 2:21
28. വെളി. 1:3
29. ദാനി. 9:18

CHURCH OF GOD IN INDIA, KERALA STATE

SUNDAY SCHOOL 1ST SEMESTER EXAMINATION, NOV. 2025

CLASS 12

Time: 1.5 hrs
Marks: 50

I. ശരി ഉത്തരം എഴുതുക (1x5=5)

1. ഇൻഡ്യയിൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചത് എന്ന് ?
   (2007 ജനുവരി 28, 2006 ജനുവരി 29, 2008 മാർച്ച് 23)
2. ഒരു വിശ്വാസി ഒരിക്കലും കുടുംബജീവിതത്തിൽ ഒന്നിക്കാൻ പാടില്ലാത്തത് ആരോട് ?
   (വിശ്വാസി, സ്നേഹിതർ, അവിശ്വാസി)
3. വസ്ത്രങ്ങളും സ്വർണ്ണവും കൂടാതെ ആഖാൻ മോഷ്ടിച്ചത് എന്ത് ?
   (വെങ്കലം, വെള്ളി, താമ്രം)
4. മതം മാറ്റം നിയമപരമല്ലെങ്കിൽ വിവാഹത്തിന് എന്ത് സംഭവിക്കും?
   (അസാധുവാക്കപ്പെടും, സങ്കീർണ്ണമാകും, അനുവദനീയമാകും)
5. തുടർച്ചയായ ആറു വർഷം കൃഷി ചെയ്താൽ ഏഴാം വർഷം എന്ത് ചെയ്യണം എന്നാണ് ദൈവം കൽപിച്ചത് ?
   (കൂടുതൽ വിത്ത് വിതയ്ക്കുക, ഭൂമിയെ കൃഷിയില്ലാതെ വിടുക, ഇരട്ടി വിളവ് ശേഖരിക്കുക)

II. പേരെഴുതുക (1x3=3)

6. 'മാരിറ്റസ്' എന്ന വാക്കിന്റെ അർഥം.
7. ദൈവാസ്തിത്വത്തെ നിരാകരിക്കുന്ന പ്രത്യയശാസ്ത്രം ഏതാണ് ?
8. ചർച്ച് ഓഫ് സാത്താൻ എന്ന സംഘടിത സംവിധാനത്തിന്റെ സ്ഥാപകൻ ആര് ?

III. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക (6x3=18)

9. കുടുംബ ജീവിത സന്തോഷത്തിന്റെ രഹസ്യങ്ങൾ എന്തെല്ലാം ?
10. സമയം തക്കത്തിൽ വിനിയോഗിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാം ?
11. ഇന്ത്യൻ ഭരണഘടന അനുവദിച്ചിരിക്കുന്ന ന്യൂനപക്ഷ അവകാശങ്ങളെ പറ്റി വിശദീകരിക്കുക.
12. കോപം കൈവിട്ടുപോകാതിരിക്കാനുള്ള പ്രധാന മാർഗങ്ങൾ എന്തൊക്കെയാണ്?

IV. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നര പേജിൽ ഉത്തരം എഴുതുക. (12x2=24)

13. വ്യക്തിപരമായ വചന ധ്യാനത്തിന് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
14. എന്തുകൊണ്ടാണ് നാം പ്രകൃതിയെ സംരക്ഷിക്കേണ്ടത്?
15. നിരാശയെ എങ്ങനെ അതിജീവിക്കാം?